പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 2474 — 18.07.2011-ൽ മറുപടിയ്ക്ക്

## ചാലക്കുടി ബ്ലോക്ക് പഞ്ചായത്തിലെ പി.എം.ജി.എസ്.വൈ. പ്രവൃത്തികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ബി.ഡി. ദേവസ്സി : | ശ്രീ. കെ.സി. ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരിക കാര്യവും വകുപ്പ് മന്ത്രി) |
| എ. സംസ്ഥാനത്ത് പി.എം.ജി.എസ്.വൈ.-യിൽ ഉൾപ്പെടുത്തി അനുമതി ലഭിച്ച റോഡുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങളുടെ ഇപ്പോഴത്തെ അവസ്ഥ വിശദമാക്കാമോ ; | എ. 2008-09 സാമ്പത്തിക വർഷം 7-ാം ഘട്ടത്തിൽ 1155 കി.മീ. ദൈർഘ്യം വരുന്ന 420 റോഡുകൾ അഭിവൃദ്ധിപ്പെടുത്തുന്നതിന് 486.74 കോടി രൂപയുടെ വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കി കേന്ദ്രസർക്കാരിന് സമർപ്പിക്കുകയും ആയതിന് കേന്ദ്രതലത്തിലുള്ള എംപവേർഡ് കമ്മിറ്റി തത്വത്തിൽ അംഗീകരിക്കുവാനായി കേന്ദ്രസർക്കാരിനോട് ശുപാർശ ചെയ്തിട്ടുണ്ട്. എന്നാൽ ഇതിൽ 533 കി.മീ. ദൈർഘ്യം വരുന്ന പ്രവർത്തികൾക്ക് കേന്ദ്രസർക്കാർ അനുമതി നൽകി. ഇതിന്റെ കരാർ ഉറപ്പിച്ച് വിശദാംശങ്ങൾ സമർപ്പിക്കുന്നതിന് അനുസൃതമായി ബാക്കി റോഡുകൾക്കുള്ള അനുമതി നൽകാമെന്നാണ് കേന്ദ്രസർക്കാർ നിശ്ചയിച്ചിട്ടുള്ളത്. ആയതിന്റെ അടിസ്ഥാനത്തിൽ ടെണ്ടർ ചെയ്തു എങ്കിലും 524.436 കി.മീ. ദൈർഘ്യം വരുന്ന 221.18 കോടി രൂപയുള്ള 162 പ്രവർത്തികളുടെ കരാറാണ് ഉറപ്പിച്ചിട്ടുള്ളത്. ശേഷിക്കുന്ന 265.56 കോടി രൂപയുടെ 630.557 കി.മീ. ദൈർഘ്യം വരുന്ന 258 റോഡുകളുടെ നിർമ്മാണത്തിനുള്ള തുടർ അനുമതിയ്ക്കായി 10-7-2009-ന് കേന്ദ്രസർക്കാരിന് സമർപ്പിച്ചതിൽ സെപ്റ്റംബർ 2010-ൽ കേന്ദ്രസർക്കാരിന്റെ അനുമതി ലഭിച്ചിട്ടുണ്ട്. ഇതിന്റെ എസ്റ്റിമേറ്റ് 2010 ഷെഡ്യൂൾ പ്രകാരം പുതുക്കി കേന്ദ്രസർക്കാരിന്റെ പുനർ അനുമതിക്കായി 14-02-2011-ന് സമർപ്പിച്ചിട്ടുണ്ട്. അനുമതി ലഭിയ്ക്കുന്ന മുറയ്ക്ക് ടെണ്ടർ ചെയ്ത് പണി ആരംഭിക്കുന്നതാണ്. |
| ബി. ചാലക്കുടി ബ്ലോക്ക് പഞ്ചായത്തിൽ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി അനുമതി ലഭിച്ച റോഡുകൾ ഏതൊക്കെ ; ഇവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ എന്ന് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ? | ബി. ചാലക്കുടി ബ്ലോക്ക് പഞ്ചായത്തിൽ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി അനുമതി ലഭിച്ച റോഡുകളുടെ വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ.

ഗ്രാമവികസനം ഐഎഫർമേഷൻ ഓഫീസർ.